(ബി) ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൂട്ടുമുഖത്ത് ഒരു പുതിയ വെറ്ററിനറി ഡിസ്പൻസറി തുടങ്ങുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്റ്റാഫ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

സൗജന്യ മൃഗ ചികിൽസ

631. [854] ശ്രീ. വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗജന്യ മൃഗ ചികിൽസ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ സമ്പാദ്യ പദ്ധതി വഴിയുള്ള നിക്ഷേപ സമാഹരണം

632. [855] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയിൽ ഈ സാമ്പത്തികവർഷത്തിൽ എത്ര രൂപ നിക്ഷേപമായി സമാഹരിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ സമാഹരിച്ചു കഴിഞ്ഞ തുകയിൽ ഒരു കൊല്ലവും രണ്ടു കൊല്ലവും മൂന്നു കൊല്ലവും അഞ്ചു കൊല്ലവും അതിൽ കൂടുതലും കാലയളവിലുള്ള നിക്ഷേപങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1986-87 സാമ്പത്തിക വർഷം 60 കോടി രൂപ സമാഹരിക്കാനാണ് സംസ്ഥാന സർക്കാർ പ്രാരംഭികമായി തീരുമാനിച്ചത്. ഇതിനുപുറമെ 1986 ഓഗസ്റ്റ് മാസം ഒന്നാം തീയതി മുതലുള്ള ഊർജ്ജിത നിക്ഷേപ സമാഹരണ പരിപാടിയിലൂടെ 100 കോടി രൂപ സമാഹരിക്കാനും ലക്ഷ്യമിട്ടു.

(ബി) 1986 സെപ്റ്റംബർ 30-ാം തീയതി വരെ ദേശീയ സമ്പാദ്യ പദ്ധതിയിലെ വിവിധ സ്കീമുകളായി 85.92 കോടി രൂപ നിക്ഷേപമായ്

LIBRARY ARCHIVES Kerala Legislative Assembly